**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3730** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഗ്രാമ വണ്ടികൾ അനുവദിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവണ്ടികൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഗ്രാമവണ്ടികളിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്ക് വരുമാനം ലഭിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയിട്ടുള്ളതാണ് ഗ്രാമവണ്ടി പദ്ധതി.<br><br>തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് അനുമതി നൽകി സ.ഉ. (സാധാ) നം. 704/2022/LSGD, തീയതി 22.03.2022 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. നിർദ്ദിഷ്ട പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്.<br><br>1. സർവ്വീസിന്റെ ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.<br>2. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.<br>3. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും ഓടിയിരിക്കണം.<br>4. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ് തുടങ്ങി ഡീസൽ ഒഴികെ മറ്റ് എല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. വഹിക്കും.<br>5. നിലവിൽ സർക്കാർ നിശ്ചയിച്ച ടിക്കറ്റ് നിരക്ക് മാത്രം ഈടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക. |

6. റൂട്ടുകളുടെ ഗതാഗത യോഗ്യതയ്ക്കനുസരിച്ച് 24 seater, 32 seater, സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുക.
7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തുനിന്നും സർവ്വീസ് നടത്തുക.
8. ചുവപ്പ്, മഞ്ഞ നിറങ്ങൾ നൽകി എല്ലാ ഗ്രാമവണ്ടികൾക്കും ഒരേ ഡിസൈൻ നിശ്ചയിച്ചിട്ടുണ്ട്.
9. ഡീസൽ തുക സ്പോൺസർ ചെയ്യുന്നതാണെങ്കിൽ ആ സ്ഥാപനത്തിന്റെ / വ്യക്തിയുടെ പേര്, വിശദാംശങ്ങൾ എന്നിവ നിശ്ചിത വലിപ്പത്തിൽ ബസ്സിൽ പ്രദർശിപ്പിക്കുവാൻ അനുവദിക്കും.
10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി മൂന്ന് വർഷത്തേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും, പിന്നീട് കരാർ പുതുക്കാവുന്നതുമാണ്.
11. കെ.എസ്.ആർ.ടി.സി. പമ്പിൽ നിന്നും ഡീസൽ നൽകുന്നതിന് ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം. പിന്നീട് ഓരോ മാസവും 20-ാം തീയതിയ്ക്കകം മുൻ മാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയാൽ മതിയാകും.
12. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റൂം സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഒന്നോ അതിലധികമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.
13. അതത് തദ്ദേശ സ്ഥാപനങ്ങൾ എം.എൽ.എ.-മാർ മുഖാന്തരം നൽകുന്ന അപേക്ഷകൾക്ക് മുൻഗണന നൽകും.
14. ഗ്രാമവണ്ടി പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തരം ആണ് നടക്കുക. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ / ചെയർ പേഴ്സൺ / മേയർ ചെയർമാനായും, സെക്രട്ടറി കൺവീനർ ആയും, എല്ലാ സ്റ്റാൻറിംഗ് കമ്മിറ്റി

| | | | |
|---|---|---|---|
| | | | ചെയർമാൻമാർ, കെ.എസ്.ആർ.ടി.സി.യുടെ രണ്ട് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ ഒരു സാങ്കേതിക വിദഗ്ധനേയും രണ്ടിൽ കൂടാത്ത പഞ്ചായത്ത് അംഗങ്ങളേയും അംഗങ്ങളാക്കാവുന്നതാണ്. സ്ഥലം എം.എൽ.എ. / ജില്ലാ / ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉപദേശകരായും പ്രവർത്തിക്കും.<br><br>ഗ്രാമവണ്ടി പദ്ധതി പ്രകാരം വരുമാനത്തിനായി പഞ്ചായത്തുകൾക്ക് സ്പോൺസർഷിപ്പ് / സംഭാവന മുഖാന്തരം തുക സ്വരൂപിക്കുന്നതിന് അനുമതി സർക്കാർ നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ നാളിതുവരെ എത്ര ഗ്രാമവണ്ടികളാണ് അനുവദിച്ചിട്ടുള്ളത് വിശദമാക്കാമോ? | (ബി) | നിലവിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 23 ഗ്രാമവണ്ടി സർവീസുകളാണ് ആരംഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| GRAMAVANDI DETAILS | | | | |
|---|---|---|---|---|
| SL NO | DIST. | STARTING DATE | PANCHAYATH/BLOCK/ CORPORATION | UNIT |
| 1 | TVM | 29.07.2022 | KOLLAYIL | PSL |
| 2 | TSR | 19.08.2022 | ELAVALLY | GVR |
| 3 | KKD | 03.09.2022 | CHATHAMANGALAM | KKD |
| 4 | KTM | 06.10.2022 | KADUTHURUTHY BLOCK | VKM |
| 5 | MLP | 21.10.2022 | EDAVANNA | NBR |
| 6 | ALP | 05.11.2022 | PATHIYOOR | KYM |
| 7 | KLM | 25.11.2022 | KOLLAM CORP | KLM |
| 8 | KTM | 25.11.2022 | KADUTHURUTHY BLOCK | VKM |
| 9 | TVM | 01.12.2022 | KUNNATHUKAL | PSL |
| 10 | EKM | 03.12.2022 | CHENNAMANGALAM | NPVR |
| 11 | WND | 06.01.2023 | MANANTHAVAADI BLOCK | MND |
| 12 | TVM | 23.02.2023 | KALLARA | KMR |
| 13 | KNR | 11.04.2023 | AARALAM | KNR |
| 14 | EKM | 20.05.2023 | ELOOR | ALV |
| 15 | PTA | 22.07.2023 | PERUNAD | PTA |
| 16 | EKM | 16.08.2023 | SREEMOOLA NAGARAM | ALV |
| 17 | MLP | 24.08.2023 | VATTAMKULAM | PNI |
| 18 | KLM | 27.09.2023 | CHATHANNOOR -PARAVOOR | CHT |
| 19 | KGD | 06.10.2023 | KUMBALA | KGD |
| 20 | MLP | 01.12.2023 | KANNAMANGALAM | MLP |
| 21 | WND | 16.02.2024 | MEENANGADI | SBY |
| 22 | KTM | 20.02.2024 | MEENACHIL | PLA |
| 23 | EKM | 12.06.2024 | KEEZHMAAD | VKM |

**EXECUTIVE DIRECTOR (OPERATIONS)**